പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1897 — 01.11.2019 ൽമറുപടിയ്ക്ക്

## പുതിയ മോട്ടോർ വാഹന നിയമം

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കേന്ദ്രസർക്കാരിന്റെ പുതിയ മോട്ടോർ വാഹന നിയമം ഏതെല്ലാം തരത്തിലാണ് കേരളത്തെ പ്രതികൂലമായി ബാധിക്കുന്നത്; വ്യക്തമാക്കാമോ? | (എ) | കേന്ദ്ര സർക്കാരിന്റെ പുതിയ മോട്ടോർ വാഹന നിയമം പൊതുവിൽ സംസ്ഥാനങ്ങളുടെ അധികാരം കവർന്നെടുക്കുന്നതും പ്രായോഗിക തലത്തിൽ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നതുമാണ്. എന്നാൽ ഡ്രൈവിംഗ് ലൈസൻസ് പുതുക്കുന്നതിനുള്ള സമയപരിധി കുറച്ചത് കേരളത്തെ പ്രത്യേകമായി ബാധിക്കുന്നതാണ്.<br>നിലവിലെ മോട്ടോർ വാഹന നിയമം അനുസരിച്ച് കാലാവധി കഴിഞ്ഞ ലൈസൻസ്, കാലാവധി തീർന്ന തീയതി മുതൽ 5 വർഷത്തിനുള്ളിൽ പുതുക്കി എടുക്കാമായിരുന്നു. പുതിയ ഭേദഗതി പ്രകാരം 5 വർഷ കാലാവധി 1 വർഷമായി കുറച്ചിരിക്കുകയാണ്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമാണ് കേരളത്തിന്റെ സ്ഥിതി. നമ്മുടെ സംസ്ഥാനത്ത് വലിയൊരു വിഭാഗം ആളുകൾ അന്യരാജ്യങ്ങളിൽ ജോലി ചെയ്യുന്നവരാണ്. രണ്ടോ, മൂന്നോ വർഷത്തിലൊരിക്കലായിരിക്കും അവർ മാതൃരാജ്യത്തേക്ക് വരുക. ഇത്തരം സന്ദർഭങ്ങളിൽ തങ്ങളുടെ ലൈസൻസ് പുതുക്കി എടുക്കുക എന്നുള്ളത് വളരെ ബുദ്ധിമുട്ടുളവാക്കുന്ന കാര്യമാണ്. ഈ വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ